<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 128 | 01.11.2019-ൽ മറുപടിയ്ക്ക്

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം<br><br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.അനിൽ അക്കര | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ സഞ്ചാരയോഗ്യമല്ലാത്ത സ്ഥിതിവിശേഷം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | പരിഗണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനെ തുടർന്ന് കേരള ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾ 2020 ജനുവരി 31 നകം പൂർത്തീകരിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | പൊതുമരാമത്ത് വകുപ്പിൽ ഉള്ളതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ ദൈനംദിന അറ്റകുറ്റപ്പണിക്കായി പ്രത്യേക സംവിധാനം എന്തെങ്കിലും നിലവിലുണ്ടോ; | (സി) | പൊതുമരാമത്ത് വകുപ്പിൽ ഉള്ള മാതൃക തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലില്ല. എന്നാൽ ഗ്രാമവികസന വകുപ്പിന് കീഴിലുള്ള കെ.എസ്.ആർ.ആർ.ഡി.എ വഴി നടപ്പിലാക്കുന്ന പി.എം.ജി.എസ്.വൈ റോഡുകളുടെ 5 വർഷത്തെ മെയിൻറനൻസ് കെ.എസ്.ആർ.ആർ.ഡി.എ ഉറപ്പ് വരുത്തുന്നുണ്ട് |

| | | | |
|---|---|---|---|
| (ഡി) | ഇല്ലെങ്കിൽ പ്രത്യേക ടീമിനെ ഇക്കാര്യത്തിനായി നിയോഗിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**